ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

## PARISH BULLETIN

പള്ളിക്കൂദാശക്കാലം

Vol.11 Issue 6



## ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | – | 3 |
| ഇടയമൊഴി | – | 4 |
| വിളക്ക് | – | 6 |
| ഇടവക വിശേഷങ്ങളിലൂടെ | – | 8 |
| നിയമബോധനം | – | 14 |
| നൂറുമേനി | – | 16 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | – | ഫാ. ജോണി ചെരിപുറം | 9447135145 |
| ചീഫ് എഡിറ്റർ | – | ഫാ. ജോസഫ് ചക്കുംമൂട്ടിൽ | 8281738270 |
| സബ് എഡിറ്റേഴ്സ് | – | റോബിൻ കട്ടിക്കാരൻ | 9446602386 |
| | – | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | – | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |



***Published by* :** **The Vicar, Holy Family Forane Church, Ponkunnam. Ph: 04828- 221368**

***Layout & Printing:*** **General Offset Ponkunnam Ph: 9495496974, 8848953287**

2019 നവംബർ ലക്കം




## മുഖമൊഴി

ഒരു സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് കുടുംബം. മികച്ച കുടുംബങ്ങൾ ഉണ്ടാകുമ്പോൾ മികച്ച സമൂഹവും ഉണ്ടാകുന്നു. കുടുംബം നന്നാവാൻ കുടുംബ ബന്ധങ്ങൾ നന്നാവണം. കുടുംബ ബന്ധങ്ങൾ ഇന്ന് ഏറെ ശിഥിലമായിക്കൊണ്ടിരിക്കുന്നു.

കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയം കുറഞ്ഞു. ആർക്കും ഒന്നിനും സമയമില്ല. മക്കളെ വേണ്ടപോലെ ശ്രവിക്കാൻ മാതാപിതാക്കൾക്ക് തെല്ലും സമയം കിട്ടുന്നില്ല. തിരിച്ചും. ടെലിവിഷൻ, മൊബൈൽഫോൺ തുടങ്ങിയവ കുടുംബ ബന്ധങ്ങൾക്കിടയിൽ വല്ലാതെ സ്ഥാനം പിടിച്ചിരിക്കുന്നു.

കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നുള്ള കളിതമാശ പറച്ചിൽ, ഭക്ഷണം കഴിക്കൽ, പ്രാർത്ഥന തുടങ്ങി ഏറെ നല്ല ഗുണങ്ങൾ നമ്മുടെ ഭവനങ്ങളിൽനിന്നും പടിയിറങ്ങിപ്പോയി. പകരം മറ്റു പലതും പടി കയറി വന്നു.


നമ്മുടെ ഭവനങ്ങളിലെ സംഭാഷണരീതി അപവാദങ്ങളോ, അസത്യങ്ങളോ, മുറിവേൽപ്പിക്കുന്നതോ, കാപട്യം നിറഞ്ഞതോ, വിശ്വാസ സത്യങ്ങളെ ചോദ്യം ചെയ്യുന്നതോ ആവാതിരിക്കട്ടെ.

കുടുംബങ്ങളിലെ സംഭാഷണം സന്തോഷവും, സമാധാനവും അറിവും പകരുന്നതും വിശ്വാസ സത്യങ്ങളെ ഉറപ്പിക്കുന്നതുമാകട്ടെ. അത് കേട്ട് വേണം മക്കൾ വളരുവാനും ഉണരുവാനും ഉള്ള് ഉണർത്തുവാനും.

ഉചിതമായ മറുപടി പറയുക ഒരുവന് ആഹ്ളാദകരമത്രേ! സന്ദർഭോചിതമായ വാക്ക് എത്ര നന്ന് (സുഭാ. 15:23)

തുറന്ന മനസ്സോടെയുള്ള ആത്മാർത്ഥമായ ഒരു ആശയ വിനിമയ ശൈലി നമ്മുടെ ഭവനങ്ങളിൽ കൂടുതലായി വളർത്തുവാനും നിലനിർത്തുവാനും വേണ്ടിയുള്ള ശ്രമത്തിന് നമ്മുക്ക് ഇന്നുതന്നെ തുടക്കമിടാം, അല്ല ഇപ്പോൾത്തന്നെ തുടക്കമിടാം.



മിശിഹായിൽ പ്രിയമുള്ളവരേ,

നമ്മുടെ ആരാധനാവത്സരത്തിൽ ഏറ്റവും ഒടുവിലത്തേതാണ് പള്ളിക്കൂദാശക്കാലം. നാലാഴ്ചകൾ മാത്രമേ ഉള്ളു എന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. അന്ത്യോക്കിയൻ സഭയിൽ പള്ളിക്കൂദാശയുടേതായി രണ്ട് ഞായറാഴ്ചകൾ കാണുന്നുണ്ട്. അന്ത്യോക്യൻ സഭയിൽ പള്ളിക്കൂദാശക്കാലം ആരാധനാ വത്സരത്തിന്റെ ആരംഭത്തെ കുറിക്കുന്നു. നമുക്കും അന്ത്യോക്യൻ സഭകൾക്കും നവംബർ മാസം പള്ളിക്കൂദാശയുടെ കാലമാണ്.

പൊതുവേ ഈ കാലം തിരുസ്സഭയെയാണ് പരാമർശിക്കുന്നത് എന്ന് ഈ കാലത്തെ പ്രാർത്ഥനകളിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഈ കാലഘട്ടത്തിന്റെ അർത്ഥത്തെക്കുറിച്ച് പണ്ടുമുതൽക്കെ പല അഭിപ്രായങ്ങളുമുണ്ടായിരുന്നു. ഒന്നാമത്തെ അഭിപ്രായ പ്രകാരം ഈ കാലത്തെ നാലു ഞായറാഴ്ചകളിൽ പഴയ നിയമത്തിൽ നാലവസരങ്ങളിൽ ബലിപീഠങ്ങൾ നിർമ്മിച്ചതിനെ സൂചിപ്പിക്കുന്നു. അവ യഥാക്രമം മൂശ നിർമ്മിച്ചു പ്രതിഷ്ഠിച്ച ബലിപീഠത്തെയും, ഇസ്രയേൽ ജനത ശീലോയിൽ പണിത ബലിപീഠത്തെയും, ശ്ലേമോൻ നിർമ്മിച്ച ദൈവാലയത്തെയും, ഗെലസേലിന്റെ പുത്രനായ സുർവാവേലും, യോസാദാക്കിന്റെ പുത്രനായ സുർവാവേലും യോദാസിന്റെ പുത്രനായ ഈശോയും നിർമ്മിച്ച ബലിപീഠത്തെയും സൂചിപ്പിക്കുന്നു. വേറൊരഭിപ്രായ പ്രകാരം നമ്മുടെ സ്വർഗ്ഗ പ്രവേശനമാണ് പള്ളിക്കൂദാശക്കാലത്തെ ചിന്താവിഷയം. ജനങ്ങളുടെ ഇടയിൽ പണിയപ്പെട്ട നിരവധി ദൈവാലയ

ങ്ങളെയും അവയുടെ പ്രതിഷ്ഠയെയുമാണ് ഈ കാലം സൂചിപ്പിക്കുന്നത്.

ഈ കാലത്തെ ഒന്നാം ഞായർ തുടങ്ങുന്നത് "കർത്താവേ നിന്റെ സ്ലീവായാൽ രക്ഷിക്കപ്പെട്ട സഭയും നിന്റെ വിലയേറിയ രക്തം കൊണ്ട് വിലയ്ക്കു വാങ്ങപ്പെട്ട ആട്ടിൻകൂട്ടവും, ഇതാ പുരോഹിത ശ്രേഷ്ഠനായ നിനക്ക് കീർത്തനമാലകൾ അർപ്പിക്കുന്നു. കാരണം നിന്റെ താഴ്മയിൽ നീ അവളെ ഉയർത്തി".

പഴയ നിയമത്തിൽ യഹോവയ്ക്കു വാസസ്ഥലമെന്നോണം മൂശ നിർമ്മിച്ച കൂടാരത്തിന്റെ സ്ഥാനത്ത് പുതിയ നിയമത്തിലുള്ള കൂടാരത്തിന്റെ അർത്ഥമിതാണ്. പത്തു വിരികളുള്ള ഒരു കൂടാരം മൂശ തന്റെ സമൂഹത്തിൽ നിർമ്മിച്ചു. അദ്ദേഹം അങ്ങനെ ചെയ്തത് സഹായം കിട്ടുവാനായി അതിൽ അഭയം തേടുന്ന പാപികൾക്ക് അത് ഒരു തുറമുഖമായിരിക്കാൻ വേണ്ടിയായിരുന്നു.

പരി. ത്രിത്വത്തിന്റെ പ്രത്യേകമായ പരിപാലനയും സംരക്ഷണവും സഭയ്ക്കു കിട്ടിയ വലിയ അനുഗ്രഹവും ഈ കാലത്തിൽ സഭ പ്രത്യേകമാം വിധം ദൈവജനത്തെ ഓർമ്മിപ്പിക്കുന്നു. പുത്രനായ ദൈവം തന്റെ മണവാട്ടിയായ സഭയെ സർവ്വ വിഭൂഷിതയായി പിതാവിന്റെ സന്നിധിയിൽ സമർപ്പിക്കുന്നതാണ് ഈ കാലത്തിലെ പ്രധാനമായ ധ്യാനവിഷയം. കർത്താവ് തന്റെ പീഡാസഹനവും മഹത്വപൂർണ്ണമായ ഉയിർപ്പും വഴി രക്ഷിച്ച സഭയിലാണ് ദൈവവരപ്രസാദത്തിന്റെ നീർച്ചാലുകൾ ഒഴുക്കുന്നതും പരി. ത്രിത്വത്തിന്റെ സജീവ സാന്നിദ്ധ്യം നിലനിർത്തുന്നതും. അതിനാൽ ഈ കാലത്തിൽ രക്ഷയുടെ നൗകയായ സഭാ മാതാവിനോടുചേർന്ന് നമ്മുക്ക് ദൈവത്തെ മഹത്വപ്പെടുത്താം.

സ്നേഹത്തോടെ, ജോണിയച്ചൻ

(വികാരിയച്ചൻ)

## വിളക്ക്



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

കത്തോലിക്കാ വിശ്വാസികളായ പലർക്കും ഉണ്ടാകുന്ന സംശയമാണ് എന്താണ് കുർബ്ബാന ധർമ്മം അല്ലെങ്കിൽ കുർബ്ബാന പണം? കുർബ്ബാന പണം മുഴുവൻ വൈദികനുള്ളതാണോ അല്ലെങ്കിൽ അത് എന്തിന് ഉപയോഗിക്കുന്നു?

മാമ്മോദീസാ, സ്ഥൈര്യലേപനം, കുമ്പസാരം, രോഗീലേപനം, തിരുപ്പട്ടം, വിവാഹം മുതലായ കൂദാശ കർമ്മങ്ങളുടെ നിർവ്വഹണത്തിന് ഒരു വൈദികന് ഫീസുണ്ടോ എന്നു ചോദിച്ചാൽ "ഇല്ല" എന്നാണ് ഉത്തരം. എന്നാൽ ഇവയുടെ നിർവ്വഹണത്തിന് ഒരു വിഹിതം (തിരുപ്പണം) ദൈവാലയ ശുശ്രൂഷിക്കും പള്ളിക്കും നൽകണം. കുർബ്ബാനയുടെ കാര്യം ഇവയിൽ നിന്നും വ്യത്യസ്തമാണ്. കുർബ്ബാനയ്ക്ക് പണം നൽകണമോ എന്നു ചോദിച്ചാൽ അപ്രകാരമൊരു പാരമ്പര്യം നമ്മുക്കില്ല എന്നാണ് ഉത്തരം. അങ്ങനെയെങ്കിൽ പിന്നെ എന്താണ് കുർബ്ബാന ധർമ്മം അഥവാ കുർബ്ബാന പണം?

പോർച്ചുഗീസുകാരുടെ ആഗമനത്തിനുമുമ്പ് മാർത്തോമ്മാ നസ്രാണികളുടെ ഇടയിൽ കുർബ്ബാന പണം എന്ന പരമ്പരാഗത രീതി ഉണ്ടായിരുന്നതായി യാതൊരു സൂചനയുമില്ല. പാരമ്പര്യ പ്രകാരം ഒരു വൈദികനെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ആ വൈദികന്റെ ആത്മീയ ശുശ്രൂഷകൾ സ്വീകരിക്കുന്ന ഇടവകക്കാർക്കാണ്. ഒരാൾ സമൂഹത്തിൽനിന്ന് വൈദികനായി ഉയർത്തപ്പെടുന്നത് ഇടവകയ്ക്കുവേണ്ടിയാണ്. അതിനാൽ വൈദികന്റെ സംരക്ഷണച്ചുമതല ഇടവകക്കാർ ഏറ്റെടുത്തിരുന്നു. എന്നാൽ കാലാന്തരത്തിൽ ആ പാരമ്പര്യം നിന്നുപോയി. അപ്പോൾ ഒരു ചോദ്യം ഉയർന്നു - വൈദികനെ ആര് സംരക്ഷിക്കും? വൈദികന്റെ അനുദിന ആവശ്യങ്ങൾക്ക് ആര് പണം കൊടുക്കും? ഇപ്രകാരമൊരു പ്രതിസന്ധി ഉടലെടുത്തപ്പോൾ സ്വീകരിച്ച ഒരു മാർഗ്ഗമാണ് കുർബ്ബാനയർപ്പണത്തെ പണവുമായി ബന്ധിപ്പിക്കുക എന്നത്. കാരണം

മറ്റു കൂദാശകളൊന്നും എല്ലാ ദിവസവും ഉണ്ടാകണമെന്നില്ല. എല്ലാ ദിവസവും വൈദികൻ ഒരു ഇടവകയിൽ ജനങ്ങൾക്കുവേണ്ടി അവരോടൊപ്പം അനുഷ്ഠിക്കുന്ന ശുശ്രൂഷ കുർബ്ബാനയർപ്പണമാണ്. അതിനാൽ കുർബ്ബാനയർപ്പിക്കുന്ന വൈദികന് ഒരു കുർബ്ബാനയുടെ പേരിൽ അദ്ദേഹത്തിന്റെ ഒരു ദിവസത്തെ ചിലവിനുപകരിക്കുംവിധം ധർമ്മം കൊടുക്കണമെന്ന നിർദ്ദേശമുണ്ടായി.

വൈദികന് ഒരു ദിവസംതന്നെ പല കുർബ്ബാന നിയോഗങ്ങൾ ലഭിക്കുന്നുണ്ടെങ്കിൽത്തന്നെയും വൈദികൻ ആ പണം മുഴുവനും സ്വന്തമാക്കുന്നില്ല. ഒരു വൈദികൻ ഒരു ദിവസം പല കുർബ്ബാന അർപ്പിക്കുന്നുണ്ടെങ്കിലും ഒരു കുർബ്ബാനയുടെ പണം മാത്രമേ സ്വീകരിക്കുകയുള്ളു. ബാക്കിപ്പണം രൂപതാ മെത്രാന്റെ പേരിൽ കൈമാറുകയും അദ്ദേഹം ആ പണം വൈദികരുടെ സംരക്ഷണത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നു. സാധാരണയായി വൈദിക മന്ദിരത്തിൽ വിശ്രമ ജീവിതം നയിക്കുന്ന വൈദികരുടെ ഭക്ഷണത്തിനും ചികിത്സയ്ക്കും താമസ സൗകര്യത്തിനുംവേണ്ടി ആ പണം ചെലവഴിച്ചുപോരുന്നു.

ഒരു പാവപ്പെട്ടവനോ വിശക്കുന്നവനോ ധർമ്മം കൊടുക്കുമ്പോൾ അതിന് രക്ഷാകര മൂല്യമുണ്ട്. അതുപോലെ വൈദികരുടെ സംരക്ഷണത്തിനായി ഒരാൾ കുർബ്ബാനയുടെ പേരിൽ കൊടുക്കുന്നതാണ് കുർബ്ബാന ധർമ്മം. ചില സഭകളിൽ വൈദികൻ ഒരു ദിവസം എത്ര കുർബ്ബാന അർപ്പിച്ചാലും ജനങ്ങൾ താന്താങ്ങളുടെ ഔചിത്യംപോലെ നേർച്ചപ്പെട്ടിയിൽ പണം (അത് ഒരു രൂപയാണെങ്കിലും, പത്തു രൂപയാണെങ്കിലും, നൂറു രൂപയാണെങ്കിലും, ആയിരം രൂപയാണെങ്കിലും) നിക്ഷേപിച്ചാൽ മതി. അവിടെയും വൈദികൻ പണത്തിന്റെ അടിസ്ഥാനത്തിലല്ല കുർബ്ബാന അർപ്പിക്കുന്നത്. ജനങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള അർപ്പണവും പ്രാർത്ഥനയുമാണ് നടത്തുന്നത്. അതിനാൽ കുർബ്ബാന നിരക്ക് കുർബ്ബാനയുടെ വിലയല്ല. കുർബ്ബാനയ്ക്ക് വിലയിടാൻ ആർക്കും സാധിക്കുകയില്ല.

***ഫാ. ജോസഫ് ചക്കുംമൂട്ടിൽ***

***(കൊച്ചച്ചൻ)***

## ഇടവക വിശേഷങ്ങളിലൂടെ



## സൺഡേ സ്കൂൾ

1. **മതാദ്ധ്യാപക ദിനം**
   വി. ചാൾസ് ബൊറോമിയോയുടെ തിരുനാളിനോടനുബന്ധിച്ച് നവംബർ 3 മതാദ്ധ്യാപക ദിനമായി ആചരിക്കുന്നു.
2. **മിഷൻ ക്വിസ്**
   സൺഡേസ്കൂൾ രൂപതാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന മിഷൻക്വിസ് നവംബർ 9-ാം തീയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്.
3. **സിമ്പോസിയം**
   രൂപതാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 3-ാമത് മാർ മാത്യു വട്ടക്കുഴി മെമ്മോറിയൽ കാറ്റക്കെറ്റിക്കൽ സിമ്പോസിയം നവംബർ 23-ാം തീയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്.
4. **അഭിനന്ദനങ്ങൾ**
   സൺഡേസ്കൂൾ രൂപതാതല ബൈബിൾ കലോത്സവത്തിൽ സംഗീത വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ അന്ന ജോർജ്ജ് വാഴപ്പറമ്പിലിന് അഭിനന്ദനങ്ങൾ!

*റോബിൻ കട്ടിക്കാരൻ* (ഹെഡ്മാസ്റ്റർ)

## ചെറുപുഷ്പ മിഷൻലീഗ്

മിഷൻലീഗ് സംഘടനാംഗങ്ങൾ പത്ര കളക്ഷൻ നടത്തി, പച്ചക്കറി, പലചരക്ക് കിറ്റുകൾ വിതരണം ചെയ്തു. കിടപ്പു രോഗികൾക്ക് പായസ്സം വിതരണം ചെയ്തു.

***ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)***

## വിൻസെൻഷ്യൻ വേദി

രോഗികൾക്കും ദത്തുകുടുംബങ്ങൾക്കും നൽകിവരുന്ന സ്ഥിരം സഹായങ്ങൾക്കുപുറമെ 2 പേർക്ക് ചികിത്സാ സഹായമായി 30,000/- രൂപയും ഒരു വ്യക്തിക്ക് വിവാഹ സഹായമായി 10,000/- രൂപയും നൽകി. 22-09-19 ന് നടന്ന സെന്റർ കൗൺസിൽ വാർഷികത്തിലും, 29-09-19 ന് നടന്ന ഏരിയാ കൗൺസിൽ സമ്മേളനത്തിലും അംഗങ്ങൾ പങ്കെടുത്തു. ഓസാനാം വിദ്യാഭവനിൽ മാസാന്ത്യ വെള്ളിയാഴ്ച പ്രാർത്ഥനയിൽ അംഗങ്ങൾ പങ്കെടുക്കുകയും വിദ്യാഭവന്റെ ദൈനംദിന ചെലവുകൾക്കായി 11000/- രൂപാ നൽകുകയും ചെയ്തു.

*തോമസ് നരിതൂക്കിൽ (സെക്രട്ടറി)*

## പിതൃവേദി

പിതൃവേദിയുടെ സാധാരണ കമ്മറ്റി എല്ലാ രണ്ടാം വ്യാഴാഴ്ചയും നടത്തുന്നു. എം.ബി.എഫ്. നറുക്കെടുപ്പും തുക വിതരണവും കൃത്യമായി നടക്കുന്നു. അത്യാഹിതത്തിൽ പെട്ട ഒരു കുട്ടിയുടെ ചികിത്സയ്ക്കായി 5000/- രൂപ ഫണ്ടിൽനിന്നു നൽകി. 26-10-19 ന് നടത്തിയ യുവജന സംഗമത്തിന് (നൈറ്റ് വിജിൽ) സഹായികളായി പിതൃവേദി അംഗങ്ങൾ പങ്കെടുത്തു. 2019 നവംബർ 3 ഞായറാഴ്ച പിതൃവേദിയുടെ പൊതുയോഗവും ഭാരവാഹി തെരഞ്ഞെടുപ്പും നടത്തുവാൻ തീരുമാനിച്ചു.

*റ്റി.എം. മാത്തുക്കുട്ടി തൊമ്മിത്താഴെ (സെക്രട്ടറി)*

## മാതൃവേദി

1. കാഞ്ഞിരപ്പള്ളി മാതൃവേദി രൂപതാ ബൈബിൾ കലോത്സവത്തിൽ ബൈബിൾ വാക്യം ചൊല്ലലിന് ഒന്നാം സ്ഥാനം നേടിയ

എത്സമ്മ മംഗലത്തിലിന്  അഭിനന്ദങ്ങൾ.

2. മാതൃവേദി അംഗങ്ങൾക്കായി ഓണാഘോഷ മത്സരങ്ങൾ നടത്തി.

3. ചികിത്സാ സഹായമായി 35000/- രൂപാ നൽകി.

4. വിവാഹ സഹായമായി 10000/- രൂപാ നൽകി.

*ബിന്ദു റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)*

## കത്തോലിക്കാ കോൺഗ്രസ്

കത്തോലിക്കാ കോൺഗ്രസ് പ്രസിദ്ധീകരിച്ച **ഇടവക ഡയറക്ടറി 2019,** സെപ്റ്റംബർ മാസം 8-ാം തീയതി ബഹു. വികാരിയച്ചൻ കൈക്കാരന് ഒരു കോപ്പി നൽകി പ്രസിദ്ധീകരിച്ചു. ഇടവകയിലെ കൂട്ടായ്മ ലീഡേഴ്സ് മുഖേന, ഇടവകയിലെ കുടുംബങ്ങളിൽ സൗജന്യമായി  വിതരണം ചെയ്തു.

പാരീഷ്കൗൺസിലിന്റെ അംഗീകാരത്തോടുകൂടി ഇടവകയുടെ **www. holyfamilychurchpkm.com.** എന്ന വെബ്സെറ്റിൽ ഇടവക ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. പ്രസിദ്ധീകരിച്ച ഇടവക ഡയറക്ടറി - 2019 ൽ ഇടംപിടിക്കാത്ത വീടുകളുടെയും കുടുംബാംഗങ്ങളുടെയും സ്ഥിതി വിവരങ്ങളും,  ചേർക്കേണ്ട ഫോൺ നമ്പരുകളും 2019 നവംബർ മാസം 15-ാം തീയതിക്കകം കുടുംബക്കൂട്ടായ്മാ ലീഡർമാർ മുഖാന്തിരം കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികളെ ഏൽപിക്കേണ്ടതാണ്.  കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ **9447525615, 9496221922**

*ജോസ് വെച്ചൂക്കുന്നേൽ*  (സെക്രട്ടറി)



## സി. വൈ. എം. എ.

1 ഓണത്തോടനുബന്ധിച്ച് നടന്ന പൊതുയോഗത്തിൽ മത്സരങ്ങളിൽ വിജയികളായവർക്ക് പ്രസിഡന്റ് സമ്മാനങ്ങൾ വിതരണം ചെയ്തു. പായസ വിതരണവും നടത്തി.

2. സംഘടനയുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷത്തെ ഓണക്കിറ്റ് പദ്ധതി ഭംഗിയായി നടത്തുവാൻ സാധിച്ചു. ഈ വർഷത്തെ ഓണക്കിറ്റിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓണക്കിറ്റ് പദ്ധതിയിൽ അംഗങ്ങളാകുവാൻ ആഗ്രഹിക്കുന്നവർ സി.വൈ.എം.എ. യുടെ ആഫീസുമായി ബന്ധപ്പെടുക.

3. വർഷങ്ങളായി നടന്നുവരുന്ന വേളാങ്കണ്ണി തീർത്ഥാടനം ഈ വർഷവും ഭംഗിയായി നടത്തുവാൻ സാധിച്ചു. ഒക്ടോബർ 11 -ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 8.30 ന് അസി. ഡയറക്ടർ ഫാ. ഉല്ലാസ് ചക്കുംമൂട്ടിൽ ആശീർവ്വദിച്ച് യാത്ര തിരിക്കുകയും 13-ാം തീയതി ഞായറാഴ്ച വൈകിട്ട് 11 മണിയോടുകൂടി തിരിച്ചെത്തുകയും ചെയ്തു. മൂന്ന് ബസ്സുകളിലായി 150-ഓളം പേർ തീർത്ഥാടനത്തിൽ പങ്കെടുത്തു. വേളാങ്കണ്ണിയിലെ തിരുക്കർമ്മങ്ങൾക്ക് ഫാ. മനു കുറ്റിക്കാട്ട് നേതൃത്വം നൽകി.

***ജോജി മണിയങ്കേരിൽ (ജന: സെക്രട്ടറി)***

## യുവദീപ്തി - S.M.Y.M

1. **'ഉത്സവ് 2019'**

പൊൻകുന്നം ഫൊറോനാ എസ്.എം.വൈ.എം -അംഗങ്ങൾ സെപ്റ്റംബർ 14 ന് ഇളങ്ങുളം പള്ളിയിൽ വെച്ച് നടത്തിയ കലാമത്സരങ്ങളിൽ പങ്കെടുത്തു.

2. ഉത്സവ് 2019 കലാമത്സരങ്ങളിലും രചനാ മത്സരങ്ങളിലും മികച്ച പ്രകടനം കാഴ്ചവെച്ച് പൊൻകുന്നം എസ്.എം. വൈ. എം. ഓവറോൾ ചാമ്പ്യന്മാരായി.
3. ഒക്ടോബർ 8 ന് നടന്ന രൂപതാ മത്സരങ്ങളിൽ മികച്ച പ്രകടനം നടത്തുകയും നിരവധി സമ്മാനങ്ങൾ നേടുകയും ചെയ്തു.
4. സെപ്റ്റംബർ 15 ന് പൊടിമറ്റത്തുവച്ച് നടന്ന വടംവലി മത്സരത്തിൽ അംഗങ്ങൾ പങ്കെടുത്തു.
5. ഒക്ടോബർ 12 ന് ഫൊറോനാ ബാഡ്മിന്റൺ ടൂർണ്ണമെന്റിൽ പങ്കെടുത്തു.
6. ഒക്ടോബർ 26 ന് യുവജനങ്ങൾക്കായി നടത്തിയ നൈറ്റ് വിജിലിൽ പങ്കെടുത്തു.

*ജേക്കബ് തേക്കുംതോട്ടം (സെക്രട്ടറി)*

## അസോവ

സംഘടനയുടെ പ്രതിമാസ ഡയറക്ടർ ബോർഡ് മീറ്റിംഗ് 12-10-2019 ശനിയാഴ്ച 7 പി.എം. ന് പാർലറിൽ കൂടി. ബഹുമാനപ്പെട്ട ഡയറക്ടർ ഫാ.ജോണി ചെരിപുറത്തിന്റെ സാന്നിദ്ധ്യത്തിലും പ്രസിഡന്റ് ശ്രീ. എ.റ്റി. ജോസഫിന്റെ അദ്ധ്യക്ഷതയിലും യോഗം നടന്നു.

നിര്യാതനായ മുൻ സെക്രട്ടറി ശ്രീ. പി.സി. ചാക്കോയെ നന്ദിപൂർവ്വം യോഗം അനുസ്മരിച്ചു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി ഒരു മിനിറ്റ് പ്രാർത്ഥനാപൂർവ്വം ആചരിച്ചു. അടുത്ത ജനറൽ ബോഡി യോഗം കൂടുന്നതുവരെ സെക്രട്ടറിയുടെ ചുമതലകൾ ജോയിന്റ് സെക്രട്ടറി പുഷ്പാ ജേക്കബിന് കൈമാറി.

സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് യോഗം അംഗീകരിച്ചു. സംഘടനാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് തീരുമാനിച്ചു.

എം.ബി.എഫ്-സ്കീം അവസാനിക്കുകയും പുതിയത് തുടങ്ങുവാനുള്ള തീരുമാനം എടുക്കുകയും ചെയ്തു. സെക്രട്ടറിയുടെ നന്ദി പ്രകാശനത്തെത്തുടർന്ന് യോഗം 8 പി.എം.ന് അവസാനിച്ചു.

*പുഷ്പാ ജേക്കബ് (സെക്രട്ടറി)*



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. ജോസഫ് കൊച്ചുകരിപ്പാപ്പറമ്പിൽ
2. ഹന്ന മൈലാടിയിൽ
3. എലിസബത്ത് പടകൂട്ടിൽ
4. വർഗ്ഗീസ് തോപ്പിൽ
5. ജോസഫ് രാജകുലത്ത്
6. ജോർജ്ജ് വടക്കേക്കളം
7. ജോൺ വളവത്ത്
8. കെസിയ കരിമ്പുങ്കൽ
9. മരിയ മേൽവെട്ടം ഗ്രേസ് വില്ല
10. അന്ന കുഴിവേലിക്കുഴിയിൽ
11. തോമസ് പുതുപ്പറമ്പിൽ

## ഓർമ്മകളിലേയ്ക്ക്

1. അഗസ്റ്റിൻ പത്യാല
2. പി.വി. ജോസ് പനയ്ക്കൽ
3. ദേവസ്യാ വെട്ടിക്കൽ
4. മേരിക്കുട്ടി കോടികാട്ട്
5. കെ.വി ജോസഫ് കുഴിവേലിക്കുഴി
6 കുഞ്ഞമ്മ വേങ്ങവേലിൽ
7 മേരി പ്ലാവോലിൽ



## നമ്മൾ ഒന്നായി

1. സനൂപ് - ഷീജ - വാഴേപ്പറമ്പിൽ
2. ലിയോൺസ് - റ്റെജി - കോടികാട്ട്
3. ലിബിൻ - അഞ്ജു - കുഴിവേലിക്കുഴി

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

## മോഷണവും, കവർച്ചയും, കൂട്ടക്കവർച്ചയും.

അന്യായമായ ലാഭം ഉണ്ടാക്കണമെന്നും മറ്റൊരാൾക്ക് അന്യായമായ നഷ്ടമുണ്ടാക്കണമെന്നുമുള്ള ഉദ്ദേശത്തോടുകൂടി അന്യ കൈവശമിരിക്കുന്നതും, കൈവശക്കാരന്റെ സമ്മതമില്ലാതെയും, ജംഗമമായിരിക്കുന്നതുമായ, മുതൽ, ഇരിക്കുന്ന സ്ഥാനത്തു നിന്നും നീക്കം ചെയ്യുന്നത് ആണ് മോഷണം.

മോഷണ വസ്തുക്കൾ പിന്നീട് ഉടമയ്ക്ക് /കൈവശക്കാരന് തിരികെ കൊടുത്താലും, അതിനുദ്ദേശിച്ചാലും മോഷണക്കുറ്റം അല്ലാതാവുന്നില്ല.

അന്യ ഒരാളിന്റെ പട്ടിയെ മോഷ്ടിക്കുന്നതിനുവേണ്ടി പട്ടിയുടെ അടുത്തേക്ക് ഒരു ഇരയുമായി ചെല്ലുന്നു. ആ ഇരയാൽ ആകർഷിക്കപ്പെട്ട് പട്ടി അയാളെ പിന്തുടരുന്നതോടുകൂടി മോഷണക്കുറ്റം പൂർത്തിയാകുന്നു. അതുപോലെതന്നെ തടി മോഷ്ടിക്കണമെന്ന ഉദ്ദേശത്തോടുകൂടി മരം അറുത്തു മുറിച്ച് താഴെയിട്ടാൽ അതും നിയമത്തിന്റെ ദൃഷ്ടിയിൽ മോഷണമാണ്. പിന്നീട് പ്രതിഫലം വാങ്ങാമെന്ന് ആഗ്രഹിച്ചുകൊണ്ട് ഒരാളുടെ മുതൽ ഒളിച്ചു വയ്ക്കുന്നതും മോഷണമാണ്. പിന്നീട് സൗകര്യപൂർവ്വം എടുത്തുകൊണ്ടുപോകാമെന്നുദ്ദേശിച്ച് ഒരു സാധനം ആരും കണ്ടുപിടിക്കാനിടയില്ലാത്ത സ്ഥാനത്ത് താൽക്കാലികമായി ഒളിച്ചു വയ്ക്കുന്നതും മോഷണക്കുറ്റമാണ്. ചുരുക്കത്തിൽ മോഷ്ടാവ്, മുതൽ ഉടൻതന്നെ കൈവശപ്പെടുത്തണമെന്നില്ല. മോഷ്ടിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി വസ്തുക്കൾക്കു സ്ഥാനമാറ്റത്തിനിടയാക്കിയാൽ അതു മോഷണക്കുറ്റമാകും. ജീവാപായം വരുത്തിയോ ദേഹോപദ്രവം ഏൽപിച്ചോ, അന്യായ തടസ്സം ചെയ്തോ മോഷണം നടത്തുന്നത്

കവർച്ച ആണ്. ഈ കൃത്യങ്ങൾ നടത്തുവാൻ ശ്രമിക്കുകയോ തൽക്ഷണം നടത്തുമെന്നു ഭയപ്പെടുത്തുകയോ ചെയ്താലും മതി. ഒരാളെ പിടിച്ചു മറിച്ചിട്ട് അയാളുടെ കൈയ്യിൽ നിന്നും പണം മോഷ്ടിച്ചു കൊണ്ടു പോകുന്നത് കവർച്ചയാണ്. കാരണം, മോഷണത്തിനു വിധേയനായ ആളിനെ അന്യായ തടസ്സം ചെയ്താണ് മോഷണം നടത്തിയിരിക്കുന്നത്. ഭയപ്പെടുത്തി അപഹരണം നടത്തുമ്പോൾ ഭീഷണിക്കു വിധേയനാകുന്ന ആളിനെയോ മറ്റാരെയെങ്കിലുമോ ഉടൻതന്നെ വധിക്കുമെന്നോ ഉപദ്രവിക്കുമെന്നോ അന്യായം തടസ്സം ചെയ്യുമെന്നോ ഭയപ്പെടുത്തി മുതൽ തട്ടിയെടുത്താൽ അതും കവർച്ചയുടെ നിർവ്വചനത്തിൽ വരും . തോക്കു കാട്ടി വെടിവയ്ക്കുമെന്നു ഭയപ്പെടുത്തി മുതൽ അപഹരിക്കുന്നത് കവർച്ചയാണ്.

ഒരു കവർച്ചസംഘത്തിൽ അഞ്ചോ അതിലധികമോ ആളുകൾ കൂട്ടുചേരുമ്പോൾ കൂട്ടക്കവർച്ച ആകും. സംഭവ സ്ഥലത്തു ചെന്ന് സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കുന്നവരും ഈ സംഘത്തിലുൾപ്പെട്ടതായി പരിഗണിക്കും കൂട്ടക്കവർച്ചയ്ക്കുള്ള ശിക്ഷ ജീവപര്യന്തം തടവ്, പത്തുകൊല്ലം വരെ കടിനതടവ് പുറമേ പിഴ എന്നിവയാണ് കൂട്ടക്കവർച്ച നടത്തുമ്പോൾ ആർക്കെങ്കിലും മരണം സംഭവിക്കുവാൻ ഇടയായെങ്കിൽ സംഘാംഗങ്ങളെ ഓരോരുത്തരെയും വധശിക്ഷയ്ക്കു വിധിക്കുന്നതിനും അധികാരമുണ്ട് . കവർച്ച നടത്തുന്നതിനു പ്രാരംഭമായി ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ്.

മോഷണക്കുറ്റം തെളിഞ്ഞാൽ 3 വർഷം വരെ തടവോ, പിഴയോ, രണ്ടും കൂടിയോ ആണ് ശിക്ഷ. കവർച്ചാകുറ്റം തെളിഞ്ഞാൽ 10 വർഷം വരെ തടവും പുറമെ പിഴയുമുണ്ട്. പൊതുവഴിയിൽ വച്ച് സൂര്യോദയത്തിനു മുൻപും സൂര്യാസ്തമനത്തിനുശേഷവും നടത്തുന്ന കവർച്ച "**ഹൈവേറോബറി**" എന്നു പറയും അതിനുള്ള തടവ് ശിക്ഷ 14 വർഷം വരെ ആകാം.

# നൂറുമേനി

1. മറിയം പറഞ്ഞു, "ഇതാ നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ." (ലൂക്കാ 1: 38)

2. അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ടാരാധിക്കുകയും ചെയ്യും. (ലൂക്കാ 1: 11)

3. നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്, നിന്റെ ഉദരഫലവും അനുഗ്രഹീതം (ലൂക്കാ 1: 42)

4. അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു, "അവൻ നിങ്ങളോടു പറയുന്നത് ചെയ്യുവിൻ" (യോഹ 2: 5)

5. യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു. അവന്റെ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കേ അവർ സഹവസിക്കുന്നതിനു മുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. (മത്താ 1: 18)

6. അവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു. (അപ്പ 1: 14)

7. യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യരും അടുത്തു നിൽക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു, "സ്ത്രീയേ ഇതാ നിന്റെ മകൻ" (യോഹ 19: 26)

8. ദൂതൻ അവളുടെ അടുത്തുചെന്നു പറഞ്ഞു, "ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവ് നിന്നോടുകൂടെ". (ലൂക്ക 1: 28)

9. ദൂതൻ അവളോടു പറഞ്ഞു, "മറിയമേ, നീ ഭയപ്പെടേണ്ട, ദൈവ സന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു." (ലൂക്ക 1: 30)

10. "നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, നീ അവന് യേശു എന്ന് പേരിടണം" (അപ്പ 1: 31)

*(എല്ലാ സൺഡേസ്ക്കൂൾ കുട്ടികളും ഇത് മനഃപാഠമാക്കണം)*